**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **27-07-2021 - ൽ മറുപടിയ്ക്ക്**

**മുട്ട, മാംസം, പാൽ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുട്ട, മാംസം, പാൽ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മുട്ട, മാംസം, പാൽ എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. ഗോവർദ്ധിനി പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി (പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ) 2. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ആട് വളർത്തൽ യൂണിറ്റുകൾ 4. വെറ്ററിനറി സേവനം 5. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി 6. രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി 7. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി 8. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി 9. കർഷക പരിശീലന പരിപാടികൾ 10. 2018-19 ൽ പുതിയതായി ആരംഭിച്ച അനിമൽ റിസോർസ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി 11. കോഴി വളർത്തൽ പദ്ധതി |
| (ബി) | ഇവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കർഷകർക്ക് പലിശരഹിത വായ്പകളും പാവപ്പെട്ട കർഷകർക്ക് സൗജന്യമായി കോഴി, താറാവ്, പശു, ആട്, പോത്ത് എന്നിവ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വകുപ്പ് മുഖേന നേരിട്ട് പലിശ രഹിത വായ്പകൾ നൽകുന്നില്ലെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കർഷകർ എടുക്കുന്ന മൃഗസംരക്ഷണ മേഖലയിലെ വായ്പകളുടെ പലിശ ഇനത്തിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതിനായി 125 ലക്ഷം രൂപ വകയിരുത്തി പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പിൽ നിന്നും കോഴി, താറാവ്, പശു, ആട്. പോത്ത് എന്നിവ സൗജന്യമായി നൽകുന്നില്ല. എന്നാൽ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന പദ്ധതിയിനത്തിലും RKI യിൽ നിന്നും ഫണ്ട് ലഭ്യമാക്കിയും താറാവ്, പശു, ആട്, പോത്ത് എന്നിവ വളർത്തുന്നതിന് വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. താറാവ് വളർത്തൽ - RKI (Rebuild Kerala Initiative) ന്റെ ഭാഗമായി Duck rearing പദ്ധതി നടപ്പിലാക്കുന്നു. ആട് വളർത്തൽ - ഗോട്ട് സാറ്റലൈറ്റ്, കൊമേഴ്സ്യൽ ഗോട്ടറി, RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി, National Livestock Mission ന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി പോത്തുക്കുട്ടി വളർത്തൽ പദ്ധതി - Animal Resourse Development പദ്ധതിയ്ക്ക് കീഴിൽ പോത്തുക്കുട്ടി വളർത്തൽ പദ്ധതി |

സെക്ഷൻ ഓഫീസർ